പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2007

14.07.2011-ൽ മറുപടിയ്ക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള മ്യൂസിയങ്ങൾ**

**ചോദ്യം**

ശ്രീ. പാലോട് രവി

**ഉത്തരം**

ശ്രീ വി.എസ്.ശിവകുമാർ
ആരോഗ്യവും ദേവസ്വവും
വകുപ്പു മന്ത്രി.

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ എത്ര മ്യൂസിയങ്ങൾ ഉണ്ട്; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ കൊട്ടാരക്കര കേന്ദ്രമാക്കി ഇപ്പോൾ ഒരു പൈതൃക മ്യൂസിയം പ്രവർത്തിച്ചുവരുന്നു. |
| (ബി) | തിരുവനന്തപുരം, അമ്പലപ്പുഴ എന്നീ സ്ഥലങ്ങളിൽ ദേവസ്വം മ്യൂസിയങ്ങൾ സ്ഥാപിക്കുവാനുള്ള ഡോ: എം.ജി. ശശിഭൂഷൺ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഡോ. എം.ജി.ശശിഭൂഷൺ റിപ്പോർട്ടിന്മേൽ തിരുവനന്തപുരത്ത് അനുയോജ്യമായ ഒരു സ്ഥലത്ത് ഒരു സെൻട്രൽ മ്യൂസിയം സ്ഥാപിക്കുന്നതിനും അമ്പലപ്പുഴ, കൊട്ടാരക്കര, മാവേലിക്കര, വൈക്കം എന്നീ സ്ഥലങ്ങളിൽ പ്രത്യേക വിഷയങ്ങളെ അടിസ്ഥാനമാക്കി മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനും തത്വത്തിൽ അംഗീകാരം നൽകി 15.06.2010 -ൽ ബോർഡ് ഉത്തരവായിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) | ചുമർ ചിത്രങ്ങൾ, ദാരുശില്പങ്ങൾ, വാസ്തു ശില്പം എന്നിവയുടെ പ്രാധാന്യം അടിസ്ഥാനമാക്കി 15 ക്ഷേത്രങ്ങൾ സംരക്ഷിക്കുവാനുള്ള നിർദ്ദേശങ്ങളിന്മേൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | വൈക്കം മഹാദേവർ ക്ഷേത്രം, തിരുവനന്തപുരം കുറക്കോട് മഹാദേവർ ക്ഷേത്രം എന്നിവിടങ്ങളിലെ ചുമർ ചിത്രങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ട നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും ശേഷിക്കുന്നവ സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ നടന്നു വരുന്നതുമാണ്. |
| (ഡി) | തിരുവിതാംകൂർ ക്ഷേത്രങ്ങൾ എന്ന പേരിൽ ദേവസ്വം ബോർഡ് പുറത്തിറക്കിയ രണ്ട് വാല്യങ്ങൾക്കുശേഷമുള്ള വാല്യങ്ങൾ വൈകുന്നത് എന്തുകൊണ്ടാണ്; | (ഡി) | തിരുവിതാംകൂറിലെ ക്ഷേത്രങ്ങൾ എന്ന പേരിൽ രണ്ട് വാല്യങ്ങളിലായി പുസ്തകം പുറത്തിറക്കിയിട്ടുള്ളതും മൊത്തം നാല് വാല്യങ്ങളിലായി പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്ന പ്രസ്തുത ഗ്രന്ഥത്തിന്റെ മൂന്നാം വാല്യം ഏതാനും ദിവസങ്ങൾക്കുള്ളിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. |

(ഇ) ഹരിപ്പാട്, മുഴിക്കുളം, ഇരിങ്ങാലക്കുട, തിരുവേഗപ്പുറം എന്നിവിടങ്ങളിലെ കൂത്തമ്പലങ്ങളുടെ അറ്റകുറ്റപ്പണികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

(ഇ) ഹരിപ്പാട് ക്ഷേത്രത്തിലെ കൂത്തമ്പലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 3,10,000/- (മൂന്ന് ലക്ഷത്തി പതിനായിരം) രൂപയുടെ എസ്റ്റിമേറ്റ് ദേവസ്വം ബോർഡിന് നൽകി ശേഷം, ദേവസ്വം കമ്മീഷണറുടെ അനുമതി ലഭിക്കുന്നതിനായി ഹെഡ് ഓഫീസിലേക്ക് അയച്ചിട്ടുള്ളതുമാണ്. അനുമതി കിട്ടുന്ന മുറയ്ക്ക് പ്രസ്തുത ജോലി ടെൻഡർ ചെയ്യുന്നതാണ്. മുഴിക്കുളം ക്ഷേത്രത്തിലെ കൂത്തമ്പലത്തിന് കേടുപാടുകൾ ഉള്ളതായി കാണപ്പെട്ടില്ല എന്നിരുന്നാലും പെയിന്റിംഗും മറ്റും ചെയ്യുന്നതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇരിങ്ങാലക്കുട, തിരുവേഗപ്പുറ എന്നിവിടങ്ങളിലെ കൂത്തമ്പലങ്ങളുടെ അറ്റകുറ്റപ്പണികളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ